... LIBRARY

Call No. [illegible] Acc. No. 13846

Author വാഗ്ഭടാനന്ദസ്വാമികൾ

Title [illegible]

916

അദ്വൈതാശ്രമഗ്രന്ഥാവലി നമ്പർ 2.

# പുനർജ്ജന്മമോ ഉയിർത്തെഴുന്നേല്പോ?

ഗ്രന്ഥകർത്താ:—

ശ്രീമത് അഭേദാനന്ദസ്വാമികൾ

പരിഭാഷകൻ:—

ആഗമാനന്ദസ്വാമികൾ

1121.

വില മൂന്നണ.

സനാതനധർമ്മം അച്ചുകൂടം, പെരുമാന്നൂർ, എറണാകുളം.

M200

# ശ്രീരാമകൃഷ്ണ അദ്വൈതാശ്രമം

1111 മേടത്തിൽ ശ്രീശങ്കരജയന്തിദിവസം ശ്രീശങ്കരാചാര്യസ്വാമികളുടെ ജന്മഭൂമിയായ കാലടിയിൽ ശ്രീരാമകൃഷ്ണമിഷൻെറ ശാഖയായി ഈ ആശ്രമം സ്ഥാപിച്ചു നടത്തിവരുന്നു. ആശ്രമംവകയായി സംസ്കൃത പാഠശാല, ഹരിജൻമന്ദിരം, ഗുരുകുലം, ഗ്രന്ഥശാല, വേദാന്ത കാളേജ് എന്നിവ ഇപ്പോൾ ഉണ്ട്. നെയ്ത്തുശാലയും താമസിയാതെ തുടങ്ങുന്നു. പൊതുജനങ്ങളുടെ സഹായം അഭ്യർത്ഥിക്കുന്നു. ഗുരുകുലത്തിൽ വിദ്യാർത്ഥികളെ താമസിപ്പിക്കുന്നതിന്നു ചുരുങ്ങിയ ചിലവേ ഉള്ളു. വിദ്യാർത്ഥികളുടെ സ്വഭാവശുദ്ധിയെ ആഗ്രഹിക്കുന്ന മാതാപിതാക്കന്മാൎക്ക് ഇതു ഒരു നല്ല അവസരമായിരിക്കും. വിദ്യാർത്ഥികളെ ചേൎക്കുകയോ ധനസഹായം ചെയ്കയോ കൂടുതൽ വിവരമറികയോ ചെയ്യേണ്ടുവർ ആശ്രമം മാനേജൎക്ക് എഴുതുക.

എന്ന്

ആഗമാനന്ദസ്വാമികൾ,

പ്രസിഡണ്ട്.

# പുനർജ്ജന്മമോ ഉയിർത്തെഴുന്നേല്പോ?*

## ഏതു് വിജ്ഞാനസമ്മതം?

ഉയിർത്തെഴുന്നേല്പെന്ന സങ്കല്പം ആദ്യം എവിടെയാണുണ്ടായതെന്നും എങ്ങനെ അതു മററുരാജ്യങ്ങളിൽ പരന്നുവെന്നും അറിയുന്നതു ചരിത്രദൃഷ്ട്യാ രസാവഹമായിരിക്കും. മോശ മുതലായവർ എഴുതിയതായി പറഞ്ഞുവരുന്ന ബൈബിളിലെ പഴയ നിയമഗ്രന്ഥങ്ങൾ ശ്രദ്ധിച്ചുവായിച്ചാൽ പണ്ടത്തെ ഇസ്രായിൽവർഗ്ഗക്കാർ, ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന സ്വർഗ്ഗനരകങ്ങളിലോ മരണശേഷമുള്ള രക്ഷാശിക്ഷകളിലോ വിശ്വസിച്ചിരുന്നില്ലെന്നു നാം കാണുന്നു. മനുഷ്യശരീരം നശിച്ചതിൽ പിന്നീട്ടു നാശംകൂടാതെ സ്ഥിതിചെയ്യുന്ന ഒരു ആത്മാവിനെപ്പററി വിശദമായ ഒരു സങ്കല്പംതന്നെ അവർക്കുണ്ടായിരുന്നോ എന്നു സംശയമാണു്. ഇഹലോകത്തിനുശേഷമുള്ള ജീവിതത്തെപ്പററി അവർക്കു യാതൊരു നിശ്ചിതാഭിപ്രായവും ഇല്ലായിരുന്നു. ആത്മാവിന്റെയോ ശരീരത്തിന്റെയോ ഉയിർത്തെഴുന്നേല്പിൽ അവർ വിശ്വസിച്ചിരുന്നില്ല. മരണത്തോടുകൂടി തന്റെ കഷ്ടതയവസാനിക്കുമെന്നുകരുതി ജോബ് മരണത്തെ കാംക്ഷിച്ചു. "നീ

---

* മരിച്ചവർ ശവക്കല്ലറയിൽനിന്നു വീണ്ടും ശരീരത്തോടെ എഴുന്നേററുവരുമെന്നക്രൈസ്തവസിദ്ധാന്തം.

13846
NATIONAL BOOK STALL S.P.C.S. LTD. BR. KOTTAYAM

മരിച്ചവക്ക് അത്ഭുതം കാട്ടുമോ? മരിച്ചവർ എഴുനേററു വന്നു നിന്നെ സ്തുതിക്കുമോ?" എന്നു സങ്കീർത്തനപുസ്തകത്തിൽ (88-10) നാം വായിക്കുന്നു. "മരണത്തിൽ നിൻെറ സ്മരണയില്ല, ശവക്കല്ലറയിൽ ആരു നിനക്കു നന്ദിപറയും"? (സങ്കീ 6-5) "അവൻെറ ശ്വാസം വെളിയിലേക്കു പോകുന്നു. അവൻ അവൻെറ മണ്ണിലേക്കു മടങ്ങുന്നു. അതേദിവസംതന്നെ അവൻെറ ചിന്തകൾ നശിക്കുന്നു" (സങ്കീ. 146-4) "മരിച്ചവർ ഈശ്വരനെ സ്തുതിക്കുന്നില്ല. മൗനത്തിലേക്കുപോകുന്ന ആരുംതന്നെയില്ല" എന്നും അതേ ഗ്രന്ഥത്തിൽ(115-17)നാം കാണുന്നു.

"എല്ലാവക്കും എല്ലാം ഒരുപോലെ വരുന്നു. നീതിമാന്മാക്കും ദുഷ്ടന്മാക്കും ഒരേ സംഭവംതന്നെ. നല്ലവക്കും ശുചികൾക്കും അശുചികൾക്കും...നല്ലവനെപ്പോലെതന്നെ പാപിയും" (എക്ലിസിയാസ്റ്റസ് 9-2)"നിൻെറ വഴിയ്ക്കുപോക. സന്തോഷമായി നിൻെറ ആഹാരം കഴിക്ക. ആഹ്ളാദപൂണ്ണമായ ഹൃദയത്തോടെ നിൻെറ വയിനം കുടിക്കുക. ഭായ്യയോടുകൂടി സന്തോഷമായി വസിക്കുക. എന്തെന്നാൽ നീ പോകുന്നതായ ശവക്കല്ലറയിൽ ഒരു കമ്മമില്ല, ഒരു കൌശലം ഇല്ല; ഒരു ജ്ഞാനമില്ല; ഒരു ബോധമില്ല" (എക്ലീസിയാസ്റ്റസ് 9-7, 910) എന്നു ശലോമോൻ ധൈയ്യത്തോടെ പറയുന്നു. "മരിച്ചവർ ഒന്നും അറിയുന്നില്ല. അവക്കു പിന്നീടു യാതൊരു പ്രതിഫലവുമില്ല. എന്തെന്നാൽ അവരുടെ ഓമ്മതന്നെ നശിക്കുന്നു" എന്ന് അഞ്ചാംഗാഥയിൽ വീണ്ടും പറയുന്നു. "മനുഷ്യപുത്രന്മാക്കു സംഭവിക്കുന്നതുതന്നെ മൃഗങ്ങൾക്കും സംഭവിക്കുന്നു. ഒരേ സംഗതിതന്നെ അവക്ക്. ഒരുകൂട്ടർ

മരിക്കുന്നതുപോലെതന്നെ മററവരും. അ
ല്ലാം ഒരേ ശ്വാസമാണ്. അതുകൊണ്ടു മ
ത്തേക്കാൾ ഉൽകൃഷ്ടതയൊന്നുമില്ല". "എല്ലാവ
സ്ഥലത്തേക്കു പോകുന്നു. എല്ലാം മണ്ണിൽനിന്നുണ്ടാ
എല്ലാം മണ്ണിലേക്കു മടങ്ങുന്നു" "മുകളിലേക്കു പോകു
മനുഷ്യാത്മാവെന്നും, താഴെ മണ്ണിലേക്കു പോകുന്നു മൃഗാ
ത്മാവെന്നും ആര് അറിയുന്നു?" (എക്ലീ: 18, 19, 20, 21)
എന്നും ശലോമൻ പറയുന്നു. ബാബിലോണിയ പിടിക്കു
ന്നതുവരെ ഇസ്രായിൽജാതിക്കാർക്കു മരണശേഷമുള്ള ര
ക്ഷയിലോ ശിക്ഷയിലോ സ്വർഗ്ഗത്തിലോ നരകത്തിലോ
ആത്മാവിൻെറ ഉയിത്തെഴുനേല്പിലോ വിശ്വാസമുണ്ടാ
യിരുന്നില്ലെന്നു സ്പഷ്ടമായി തെളിയിക്കുന്ന ഇത്തരം വാക്യ
ങ്ങൾ പലതുണ്ടു്. ഈ ലോകം വിടുന്ന ആത്മാക്കൾ മര
ണശേഷം ഒരു കുഴിയിലോ മറേറാ താമസിച്ചിരുന്നുവെ
ന്നും എന്നാൽ അവിടെനിന്ന് ഒരിക്കലും ഉയിത്തെഴുനേ
ല്ക്കുകയില്ലെന്നും അവർ വിശ്വസിച്ചിരുന്നുവെന്നു ചിലർ
പറയുന്നു. എന്നാൽ ക്രിസ്തുവിനുമൻപ് 536-ാംകൊല്ല
ത്തിൽ പഴയ ജൂതന്മാർ പെർസ്യാക്കാരാൽ ജയിച്ചു കീഴ
ടക്കപ്പെട്ടപ്പോൾ ഏകേശ്വരൻ, സ്വർഗ്ഗനരകങ്ങൾ, മരി
ച്ചവരുടെ ഉയിത്തെഴുനേല്പ്, മരണാനന്തരമുള്ള രക്ഷാ
ശിക്ഷകൾ, അവസാനവിധിദിവസം എന്നിവയിലുള്ള
വിശ്വാസം പുഷ്ടിയെ പ്രാപിച്ചിട്ടുള്ള ഒരു വർഗ്ഗക്കാരുമാ
യി ആ ജൂതന്മാർ ആദ്യമായി കൂട്ടിമുട്ടി. ക്രിസ്തുവിനുമൻപ്
536-മുതൽ 333-വരെ നീണ്ടുനിന്നതും ബാബിലോണിയാ
വിജയം മുതൽ തുടങ്ങിയതും ആയ പേഴ്സ്യൻ ഭരണകാ
ലത്ത് ജൂതന്മാർ പേഴ്സ്യൻമതസിദ്ധാന്തങ്ങൾക്കു വിധേ

...ദേശം അക്കാലത്ത് ജൂതന്മാരുടെയിടയിൽ
...ം, സദൃക്യന്മാർ എന്നു രണ്ടു കക്ഷികൾ ഉത്ഭ
...പാഴ്സികളുടെ മതസിദ്ധാന്തങ്ങളെ അംഗീകരി
...രാണു പരീശന്മാർ. (പരീശ എന്ന വാക്കുതന്നെ
പാഴ്സി എന്നതിന്റെ ഹീബ്രുരൂപമാണെന്നു ചില
പണ്ഡിതന്മാർ പറയുന്നു.) പഴയ ജൂതാചാരങ്ങളും വി
ശ്വാസങ്ങളും ചടങ്ങുകളും അഭിപ്രായങ്ങളും തുടൎന്നുകൊ
ണ്ടുപോയവർ സദൃക്യന്മാർ. പരീശന്മാർ സദൃക്യന്മാരുടെ
വിശ്വാസങ്ങൾക്കു നേരെ എതിരാളികളായി ദേവദൂത
ന്മാർ, ഭൂതങ്ങൾ മരിച്ചവരുടെ ഉയൎത്തെഴുനേല്പു ഭാവിയി
ലുള്ള രക്ഷാശിക്ഷകൾ, വിധിവിഹിതം എന്നിവയിൽ
വിശ്വസിച്ചു. സദൃക്യന്മാർ പഴയ ജൂതവിശ്വാസത്തി
ന്റെ പരിധിവിട്ടു ഒരടിപോലും മുന്നോട്ടു വച്ചില്ല. അ
വർ വളരെ പ്രാചീനാചാരനിഷ്ഠന്മാരും അഭിപ്രായങ്ങ
ളിൽ മുഴുത്ത യാഥാസ്ഥിതികന്മാരുമായിരുന്നു. ദേവദൂത
ന്മാർ, ഭൂതങ്ങൾ, മരണശേഷമുള്ള ഉയിൎത്തെഴുനേല്പ്,
മരിച്ചവരുടെ രക്ഷാശിക്ഷകൾ എന്നിവയെ അവർ നി
ശ്ശേഷം നിഷേധിച്ചു. "അതേദിവസം അവന്റെ അടു
ക്കൽ ഉയിൎത്തെഴുനേല്പില്ലെന്നു പറയുന്ന സദൃക്യന്മാർ
വന്നു" എന്നു മത്തായി 22, 23-ൽ നാം കാണുന്നു. സദൃ
ക്യന്മാർ പരീശന്മാരേക്കാൾ എണ്ണം കുറവായിരുന്നു.
ക്രമേണ പരീശന്മാർ വളരെ പ്രബലന്മാരായി. ക്രിസ്തു
വിന്റെ മരണശേഷം അവരുടെ ഉയിൎത്തെഴുനേല്പു സി
ദ്ധാന്തം, സ്വൎഗ്ഗനരകവിശ്വാസം, ദേവതകളിലും ഭൂത
ങ്ങളിലുമുള്ള വിശ്വാസം എന്നിവ പുതിയ ക്രിസ്തീയ
സംഘത്തിന്റെ മുഖ്യസിദ്ധാന്തങ്ങളായി.

അങ്ങനെ ഉയിർത്തെഴുന്നേല്പ
പാഴ്സികളുടെ ഇടയിൽ ഉണ്ടായി.
യമത്തിൽ ഒരു പ്രധാനസ്ഥാനം കൈ
വഴി പശ്ചാത്യദേശത്തെ ഇന്നത്തെ ക്രിസ്ത്യ
ഹൃദയത്തിൽ സ്ഥലം പിടിച്ചുവെന്നു നാം കാണു
ച്ചവരുടെ ആത്മാക്കൾ മൃതശരീരത്തിന്റെ പരിസ
ളിൽ മൂന്നുരാത്രി ചുററിയലഞ്ഞു നടക്കുമെന്നും മൂന്നാ
ത്തെ രാത്രികഴിഞ്ഞു നേരംവെളുക്കുന്നതുവരെ പരലോക
ത്തേക്കു പോകയില്ലെന്നും ജരതുഷ്ടന്മാർ വിശ്വസിച്ചു
വന്നു. മൂന്നാം രാത്രികഴിഞ്ഞാൽ പുണ്യവാന്മാർ സ്വർഗ്ഗ
ത്തേക്കും പാപികൾ നരകത്തിലേക്കും പോകും. അവി
ടെ പാപികൾ പ്രപഞ്ചത്തിന്റെ നവീകരണദിവസം—
വിധിയെഴുത്തു ദിവസം—വരെ താമസിക്കും. നവീകരണ
ത്തിനുശേഷം, ആഹിർമാൻ അതായത് സാത്താൻ കൊ
ല്ലപ്പെടുമ്പോൾ, ദുഷ്ടന്മാരുടെ ആത്മാക്കൾ ശുദ്ധമാക്ക
പ്പെടുകയും അന്നുമുതൽ അവയ്ക്കു അനന്തമായ ഉൽക്രാ
ന്തി ഉണ്ടാകയും ചെയ്യും. "എങ്ങനെയാണ് ഉയിർത്തെഴു
ന്നേല്പ് ഉണ്ടാകുന്നത്" എന്ന ചോദ്യം ഉണ്ടായി. അതിന്
അഹുരമസ്ദ (പാഴ്സിമതപ്രകാരം ഈശ്വരന്റെ
പേര്) പറയുന്നു. "അതിന്റെ ഉത്തരം ഉയിർത്തെഴുന്നേ
ല്പിനു തയാറു ചെയ്യുന്നതും അതുണ്ടാക്കുന്നതും എല്ലാം
രഹസ്യത്തോട്, ഗഹനതയോടു സംബന്ധിച്ച സിദ്ധി
യാണ്. അതു സൃഷ്ടിക്കപ്പെട്ടവർക്ക് അറിയിക്കപ്പെടാത്ത
ഒരു ആശ്ചര്യമാണ്. സ്ഥിരനായ സ്രഷ്ടാവിന്റെ രഹ
സ്യങ്ങളും കാര്യങ്ങളും മററെല്ലാരഹസ്യത്തെപ്പോലെയും
ഗൂഢകാര്യത്തെപ്പോലെയും ഉള്ളതാണ്" എന്ന്.

...ത്തെഴുന്നേല്പിൽ വിശ്വസിച്ചി
...ു ശരീരത്തിൻെറ ഉയിത്തെഴുന്നേല്പി
...ൻെറയാണു്. ഉയിത്തെഴുന്നേല്പ് ഒരു അ
...യും കരുതപ്പെട്ടിരുന്നു. അതുപോലെതന്നെ
...മാണു് ഏശുവിൻെറ ഉയിത്തെഴുന്നേൽപ്പും.
... വിശ്വസിക്കുന്നതും അർത്ഥമാക്കുന്നതും ശരീരത്തി
...ൻെറ ഉയിത്തെഴുന്നേല്പാണൊ അഥവാ ആത്മാവിൻെറ
യാണോ എന്നു ഏശു തന്നത്താൻ ഒരിക്കലും തെളിച്ചുപ
റഞ്ഞിട്ടില്ലെങ്കിലും അദ്ദേഹത്തിൻെറ ശിഷ്യന്മാർ ഏശു
വിൻെറ വാക്കുകളിൽനിന്നു മനസ്സിലാക്കിയതു് ശരീര
ത്തിൻെറ ഉയിത്തെഴുന്നേല്പും ശാരീരരൂപത്തിൻെറ പുനഃ
പ്രത്യക്ഷതയും ആണെന്നു സുവിശേഷവ്യാഖ്യാതാക്കൾ
പറയുന്നു. ജരതുഷ്ടന്മാർ വിശ്വസിച്ച മൂന്നുദിവസംതന്നെ
ഏശുവിനും ആ വിശ്വാസം അങ്ങനെതന്നെ തുടന്നു.
ഏശു ശിഷ്യന്മാരുടെ മുമ്പിൽ അസാധാരണവും അത്ഭു
തകരവുമായവിധം മരണശേഷം പ്രത്യക്ഷപ്പെട്ടതിനെ
പ്പററി എത്രയും ശക്തിയോടുകൂടി പ്രസംഗിച്ചതു പാൾ
ആണു്. കൊറിന്തിയാക്കാർക്കു് പാൾ എഴുതിയിട്ടുള്ള വി
ശുദ്ധ ലേഖനത്തിൽ ക്രിസ്തുമതംമുഴുവൻ നില്ക്കുന്നതു് ഏശു
വിൻെറ അത്ഭുതകരമായ ഉയിത്തെഴുന്നേല്പിലും പുനഃപ്ര
ത്യക്ഷത്തിലും ആണെന്നു് പറയുന്നു. ഉയിത്തെഴുന്നേൽ
ക്കുന്ന മൃതൻെറ ആത്മികശരീരം അതിനുമുമ്പുള്ള അതേ
മാംസരക്തമയശരീരമല്ലെന്നു പാൾ (1-കൊറിൻ 15-ൽ)
പറയുന്നെങ്കിലും ആ പ്രധാനകാര്യം സാധാരണയായി ജ
നങ്ങൾ ഓർമ്മവെക്കുന്നില്ല. അതിൻെറ ഫലമായിട്ടു
ഇന്നു ചില ക്രിസ്ത്യാനികളിൽ ഒരു വിചിത്രമായ

വിശ്വാസം കാണുന്നു. ദേവദൂതന്മാർ വിളിക്കുമ്പോൾ സർവ്വശക്തനായ ഈശ്വരന്റെ അലൌകികാത്ഭുതശക്തി കൊണ്ടു് എല്ലിന്റെയും മാംസത്തിന്റെയും പൊടിഞ്ഞു ദ്രവിച്ച അംശങ്ങൾ ഒന്നിച്ചുചേന്നു പഴയശരീരമായി ശവക്കല്ലറയിൽനിന്നു എഴുനേൽക്കുമെന്നു് അവർ വിശ്വസിക്കുന്നു. പാൾ പറയുന്നു. "എന്നാൽ ഇപ്പോൾ ക്രിസ്തു മരിച്ചക്കൂട്ടത്തിൽനിന്നു എഴുനേററിരിക്കുന്നു. ഉറങ്ങിയവരുടെ ആദിഫലമായി തീന്നിരിക്കയും ചെയ്യുന്നു" എന്നു്. (1-കൊറിൻ 15-20) ക്രിസ്തുവാണു് മരിച്ചവരിൽനിന്നു ആദ്യം ജനിച്ചതെന്നും ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അദ്ദേഹം എഴുനേററതുപോലെ എഴുനേൽക്കുമെന്നും അദ്ദേഹത്തിലോ അദ്ദേഹത്തിന്റെ ഉയിത്തെഴുന്നേല്പിലോ വിശ്വസിക്കാത്തവർ എഴുനേൽക്കയില്ലെന്നും പാൾ പ്രസ്താവിക്കുന്നു.

പാഴ്സികൾ ഒരു അലൌകികവും അത്ഭുതവും ആയ ഉയിത്തെഴുനേല്പിൽ വിശ്വസിച്ചിരുന്നുവെന്നും അതെ അത്ഭുതകർമ്മംതന്നെയാണു് ഏശുവിന്റെ വിഷയത്തിൽ കുറേക്കൂടെ ഉറച്ചതെന്നും അത്ഭുതസംഭവത്തിന്മേലാണു് ക്രൂസ്തീയമതം പിന്നീടു ഉറപ്പിക്കപ്പെട്ടതെന്നും നാം കണ്ടുകഴിഞ്ഞു. ഉയിത്തെഴുനേല്പു് എന്നതു് എല്ലാവക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സാമാന്യനിയമമല്ലെന്നും ചില പ്രകൃത്യതീതശക്തികൾ ഉണ്ടാക്കുന്ന ഒരു അത്ഭുതം മാത്രമാണെന്നും പാഴ്സികളും ക്രിസ്ത്യാനികളും വ്യാഖ്യാനിക്കുന്നു. അവർ അങ്ങനെ ഒരു അത്ഭുതം ഉണ്ടാകുന്നതിന്നു വിജ്ഞാനസമ്മതമായ (സയിൻറിഫിക്ക്) യുക്തി ഒന്നും കൊടുക്കുന്നുമില്ല.

ഇന്നത്തെ സയിൻസ് (വിജ്ഞാനം) അത്ഭുതങ്ങളെ (പ്രകൃതിനിയമാതീതസംഭവങ്ങളെ) നിഷേധിക്കുന്നു. പണ്ടത്തെ ആളുകൾ വിചാരിച്ചിരുന്നതുപോലെയുള്ള അത്ഭുതക്രിയകളും ചെപ്പടിവിദ്യകളുംകൊണ്ടല്ല ഈ ലോകം നിയന്ത്രിക്കപ്പെടുന്നതെന്നും വ്യവസ്ഥയുള്ളതും സാർവ്വത്രികവും ആയ നിശ്ചിതനിയമങ്ങളാണ് ഈ ലോകത്തെ ഭരിക്കുന്നതെന്നും സയിൻസു പഠിപ്പിക്കുന്നു. എല്ലായിടത്തും ഒരുപോലെയുള്ള നിയമങ്ങൾക്ക്, അപവാദമുണ്ടാകാൻ പാടില്ല. ഉയിർത്തെഴുന്നേല്പ് സാർവ്വത്രികനിയമങ്ങളിൽ ഒന്നാണെങ്കിൽ അതു യേശുവിൻെറ ജനനത്തിനു മുമ്പും നടന്നുകൊണ്ടിരുന്നിരിക്കണം. ആ സ്ഥിതിക്കു പൗലോസ് പറയുന്നതുപോലെ ഏശു മരിച്ചവരിൽനിന്നു ആദ്യം എഴുന്നേററ ആളായതെങ്ങിനെ? വേറൊരുവിധം പറഞ്ഞാൽ, ഏശുവാണ് മരിച്ചവരിൽനിന്നു ആദ്യം എഴുന്നേററതെന്നുവന്നാൽ ഉയിർത്തെഴുന്നേല്പ് എല്ലാവർക്കുമുള്ള നിയമമല്ലെന്നുവരും. സാർവത്രികനിയമമല്ലാത്ത ഒന്നിലും വിജ്ഞാനവിദഗ്ദ്ധന്മാർ വിശ്വസിക്കയില്ല. ഏശു കുരിശിൽ മരിച്ചില്ലെന്നും അരിമത്യയായിലെ ജോസഫ് ഏശുവിൻെറ ശരീരം കുരിശിൽ നിന്നെടുക്കുന്ന സമയത്തു അദ്ദേഹത്തിൻെറ പ്രാണനാഡീചലനം നിന്നിരിക്കുക മാത്രമായിരുന്നുവെന്നുംകൂടി ചില ജഡവാദികളും അനാസ്തികന്മാരും പറയുന്നു. ജോസഫ് ചെന്നു പീലാത്തോസിൻെറ അടുക്കൽ ഏശുവിൻെറ ശരീരം ആവശ്യപ്പെട്ടപ്പോൾ ഏശു അത്രവേഗം മരിച്ചുവോ എന്നു അദ്ദേഹം ആശ്ചര്യപ്പെട്ടു. (മാർക്ക് 15-44) എന്തെന്നാൽ അതപ്പോൾ കുരിശിൽ തറച്ചിട്ട് ആറുമണിക്കൂറെ കഴി

ഞ്ഞിരുന്നുള്ളു. മദ്യപാനാദിദുർവ്യാപാരങ്ങളില്ലാത്ത ബലവാന്മാരായ ആളുകൾ അനേകദിവസം മരിക്കാതെ കുരിശിൽ കിടക്കും എന്ന് ഇന്നത്തെ ചില ശരീരശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. അനാത്മവിശ്വാസികളായ അനാസ്തികന്മാരും ജഡവിശ്വാസികളായ വൈജ്ഞാനികന്മാരും പറയുന്നു, ഏശുവിൻെറ ശരീരം ശീതളമായ ശിലാമയശവകുടീരത്തിൽ വച്ചു സ്വാസ്ഥ്യത പ്രാപിച്ചുവെന്നും അതിനുശേഷം ഏശു അവിടെനിന്നും വെളിയിലിറങ്ങി നടന്ന് ഗലീലിയായിൽപോയി തൻെറ ശിഷ്യന്മാർക്കു പ്രത്യക്ഷനായെന്നും. (ഹക്സ്‌ലി എഴുതിയ "സയിൻസും ക്രിസ്തീയ ഐതിഹ്യവും" എന്ന ഗ്രന്ഥം പുറം 279-280-നോക്കുക) സത്യം എങ്ങനെയിരുന്നാലും (അന്നു സംഭവിച്ചതു വാസ്തവത്തിൽ എന്താണെന്നു ഇന്നു ആൎക്കും പറയാൻ കഴിയുകയില്ലല്ലൊ) ആരെങ്കിലും പറഞ്ഞതോ എഴുതിയതോ കണ്ണടച്ചു വിശ്വസിക്കാൻ ഇന്നു വിജ്ഞാനവിദഗ്ദ്ധന്മാർ ഒരുക്കമില്ല എന്നുള്ളതു് സത്യമാണു്. ഈ പുസ്തകത്തിലോ ആ പുസ്തകത്തിലോ കണ്ടതുകൊണ്ടുമാത്രം ഒന്നിനെയും വിശ്വസിക്കാൻ അവർ വിചാരിക്കുന്നില്ല. പ്രകൃതിയിൽ നടക്കുന്ന ഓരോ സംഭവത്തെക്കുറിച്ചും വിശ്വാസയോഗ്യമായ തെളിവും യുക്തിയുക്തമായ വ്യാഖ്യാനവും അവർ ആവശ്യപ്പെടുന്നു. അത്ഭുതങ്ങളും അസാധാരണങ്ങളുമായി നടന്നുകൊണ്ടിരിക്കുന്ന എല്ലാസംഭവങ്ങളുടേയും ഉള്ളിൽ തുളച്ചുകയറി ആ സംഭവങ്ങളെ ഉണ്ടാക്കുന്ന സാർവത്രികനിയമങ്ങൾ കണ്ടുപിടിക്കാനാണു അവർ ആഗ്രഹിക്കുന്നതു്. അങ്ങനെയുള്ള നിയമങ്ങളില്ലെന്നു കാണുന്നിടത്തു പ്രകൃത്യതീതശ

ക്തികൾ നടത്തുന്നുവെന്നു പറയപ്പെടുന്ന സംഭവങ്ങളെ അവർ തീർച്ചയായും നിഷേധിക്കുന്നു.

ബുദ്ധിഗ്രാഹ്യമല്ലാത്ത അത്ഭുതമായ ഉയിർത്തെഴുന്നേല്പു സിദ്ധാന്തത്തോടു അനുബന്ധിച്ചു നില്ക്കുന്നതാണ്, ഈ ലോകത്തു സ്ഥൂലശരീരത്തിൽ, നാം കാണുന്ന രൂപത്തിൽ, ജനിക്കുന്നതിനുമുമ്പ് ജീവാത്മാവ് ഉണ്ടായിരുന്നില്ല എന്നുള്ള സിദ്ധാന്തം. ഈ സിദ്ധാന്തത്തെ വിശ്വസിക്കുന്നവർ, ജീവൻ ശൂന്യത്തിൽനിന്നു സൃഷ്ടിക്കപ്പെട്ടിട്ട് ഈ ജന്മത്തോടുകൂടി ആദ്യമായി സത്ഭാവം പ്രാപിക്കുന്നു എന്നു പറയുന്നു. എന്നാൽ സയിൻസു പറയുന്നു:- ശൂന്യത്തിൽനിന്നു എന്തെങ്കിലും സഹസാ ഉണ്ടാക്കുന്നതും ഉള്ളതായ ഏതുവസ്തുവിനേയും നിശ്ശേഷം നശിപ്പിക്കുന്നതും അസാദ്ധ്യമാണെന്ന്. ശക്തിയും ദ്രവ്യവും അനശ്വരമാണ്. സയിൻസ് ഉൽക്രാന്തിയെ, അഥവാ, പരിണാമത്തെയാണ് പഠിപ്പിക്കുന്നതു്; ശൂന്യത്തിൽനിന്നുള്ള സൃഷ്ടിയെയല്ല. പ്രകൃതിയിലെ വികാരങ്ങൾ ഉണ്ടാക്കുന്നതിനു പ്രകൃത്യതീതനായ ഒരാൾ ഇടയ്ക്കിടയ്ക്കു ഏറ്റെടുക്കുന്നു എന്നതിനേയും സയിൻസു നിഷേധിക്കുന്നു. ഇന്നത്തെ സയിൻസിൻെറ ഈ നിഗമനങ്ങളെയെല്ലാം ഉയിർത്തെഴുന്നേല്പുസിദ്ധാന്തം വിസ്മരിക്കുന്നു. നേരെമറിച്ചു പുനർജ്ജന്മസിദ്ധാന്തം, നവീനവിജ്ഞാനം കണ്ടുപിടിച്ചിട്ടുള്ള എല്ലാ പ്രകൃതിനിയമങ്ങളേയും പ്രകൃതിതത്വങ്ങളേയും സ്വീകരിച്ച് അവയെ യുക്തിയുക്തങ്ങളായ തീർപ്പുകളിലേക്ക് എത്തിക്കുന്നു. പുനർജ്ജന്മം ഉൽക്രാന്തിവാദത്തിന്മേൽ (evolution) ഉറപ്പിക്കപ്പെട്ടിരിക്കുന്നു. പുനർജ്ജന്മം എന്നാൽ ഓരോ ജീവാണുവിൻെറയും നിരന്തരോൽക്രാന്തിയും, അങ്ങിനെ

ആ ജീവാണുവിൽ നിഗൂഢമായിരിക്കുന്ന എല്ലാ ശക്തികളുടെ അഭിവ്യക്തിയും എന്നാണർത്ഥം. അതിനും പുറമെ പുനർജ്ജന്മസിദ്ധാന്തം കാര്യകാരണനിയമത്തിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കാരണം കാര്യത്തിനു വെളിയിലല്ലെന്നും കാര്യത്തിൽ തന്നെ ഇരിക്കുന്നുവെന്നും അതു പഠിപ്പിക്കുന്നു. കാരണം കാര്യത്തിന്റെ അനഭിവ്യക്താവസ്ഥയും കാര്യം അഭിവ്യക്തമായ കാരണവുമാണ്. പ്രപഞ്ചത്തിലെ സത്താസാഗരത്തിൽ നിരന്തരം പ്രവഹിക്കുന്നതും അസംഖ്യ വീചീരൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നതും ആയ ഒരു അനന്തശക്തിപ്രവാഹം ഉണ്ടു. ഒരുസംഘം വീചികളെ മറെറാരു സംഘത്തിന്റെ കാരണമെന്നു നാം വിളിക്കുന്നു. എന്നാൽ വാസ്തവത്തിൽ കാരണം ആയിരിക്കുന്നതു് ഭാവി കാര്യത്തിന്റെ അനഭിവ്യക്താവസ്ഥയും മുമ്പിരുന്ന ഒരു അനഭിവ്യക്തകാരണത്തിന്റെ അഭിവ്യക്താവസ്ഥയുമാണ്. അടിയിൽ കിടക്കുന്ന പ്രവാഹം ഒരററംമുതൽ മറേറ അററംവരെ ഒന്നാണ്. ആത്മാവു് ആകസ്മികമായി ഉണ്ടായി എന്നോ ആദ്യമായി ആരാലോ നിർമ്മിക്കപ്പെട്ടു എന്നോ ഉള്ള അഭിപ്രായത്തെ പുനർജ്ജന്മതത്ത്വം നിഷേധിക്കുന്നു. പുനർജ്ജന്മസിദ്ധാന്തപ്രകാരം ആത്മാവു് അനന്തഭൂതകാലംമുതൽ സത്തും അനന്തഭാവിയിൽ ഇരിക്കുന്നതും ആണ്. ജീവാത്മാവു് അതിന്റെ പ്രവൃത്തികളനുസരിച്ചു സുഖിക്കയോ ദുഃഖിക്കയോ ചെയ്യുന്നു. സുഖവും ദുഃഖവും എല്ലാം നമ്മുടെ പ്രവൃത്തികളുടെ ഫലങ്ങളാണ്. നമ്മുടെ പ്രവൃത്തി കാരണം; ഫലം കാര്യം. നമ്മുടെ ഇപ്പോഴത്തെ ജീവിതം നമ്മുടെ പൂർവ്വകർമ്മങ്ങളു

ടെ ഫലമാണു്. നമ്മുടെ ഭാവി ഇപ്പോഴത്തെ പ്രവൃത്തി
കളുടെ ഫലമായിരിക്കയും ചെയ്യും. ഇപ്പോൾ നാം ചെ
യ്യുന്ന കൎമ്മങ്ങൾ നശിക്കയില്ല. ഒരു ജീവിതകാലത്തിലെ
ചിന്താശക്തികളെല്ലാം മരിച്ചാൽ ഉടൻ നശിച്ചുപോ
കുമെന്നാണോ നിങ്ങളുടെ വിചാരം? ഇല്ല; ഒരിക്കലും
ഇല്ല. അവയെല്ലാം സംഗ്രഹിക്കപ്പെട്ടു് കേന്ദ്രത്തിൽ അ
നഭിവ്യക്തമായി സ്ഥിതിചെയ്യും. പിന്നീടു് അനുകൂല
മായ പരിതഃസ്ഥിതികളിൽ വീണ്ടും പ്രത്യക്ഷപ്പെടും.
ഓരോ മനുഷ്യാത്മാവും ചിന്താശക്തികളുടെ ഓരോ
കേന്ദ്രമാണു്. ഈ കേന്ദ്രത്തെയാണു സംസ്കൃതത്തിൽ
സൂക്ഷ്മശരീരം അല്ലെങ്കിൽ ജീവാത്മാവിന്റെ subtle
body എന്നു പറയുന്നതു്. ജീവന്റെ സൂക്ഷ്മബീജം അ
ഥവാ മറെറാരു തരത്തിൽ പറഞ്ഞാൽ ചിന്താശക്തി
കളുടെ അദൃശ്യമായ കേന്ദ്രം അഭിവ്യക്തമാകുന്നതിനു ത
യാറായി അന്തൎല്ലീനമായിക്കിടക്കുന്ന ശക്തികളെ പ്രക
ടിപ്പിക്കുന്നതിനുവേണ്ടി ഒരു ഭൌതികവാഹനത്തെ ഉ
ണ്ടാക്കും. ആ അണുവിനു് അതിന്റെ അദൃശ്യമായ രൂ
പത്തിൽ ചേൎന്നുകിടക്കുന്ന എല്ലാ ശക്തികളേയും ഏററ
വും നല്ലവണ്ണം പ്രകടിപ്പിക്കാൻ കഴിയുന്നതുവരെ ഈ
വാഹനനിൎമ്മാണം നടന്നുകൊണ്ടിരിക്കും. പുനൎജ്ജന്മസി
ദ്ധാന്തം സകല ഭൌതികനിയമങ്ങളോടും യോജിച്ചിരി
ക്കുന്നതുപോലെതന്നെ മനഃശാസ്ത്രപരവും സാന്മാൎഗ്ഗിക
വും ആയ നിയമങ്ങളോടും യോജിക്കുന്നു. ദൃശ്യലോകത്തു
ക്രിയാപ്രതിക്രിയാനിയമം ദൃശ്യഭാവങ്ങളെ എങ്ങനെ ഭ
രിക്കുന്നുവോ അതുപോലെതന്നെ ചൈതന്യപൂൎണ്ണമായ
അന്തൎല്ലോകത്തും, മാനസികക്രിയ അഥവാ ചിന്ത നല്ല

13846

താണെങ്കിൽ പ്രതിക്രിയയും നല്ലതായിരിക്കും. മാനസികകൎമ്മം ചീത്തയാണെങ്കിൽ പ്രതിക്രിയയും ചീത്തയായിരിക്കും. എന്തെന്നാൽ എല്ലാ ക്രിയയും അതേതരത്തിലുള്ള പ്രതിക്രിയയെ ജനിപ്പിക്കുന്നു. ഒരു നല്ല പ്രതിക്രിയ നമുക്കു സന്തോഷവും സുഖവും മനഃശാന്തിയും തരുന്നതാണ്. ചീത്തപ്രതിക്രിയയാണു നമുക്കു ദുഃഖവും അതൃപ്തിയും ഉണ്ടാക്കി നമ്മെ വലയ്ക്കുന്നതു്. ഇപ്രകാരം പുനൎജ്ജന്മം നമുക്കു കൎമ്മം ചെയ്യുന്നതിനും ആ കൎമ്മങ്ങളുടെ ഫലം അഥവാ പ്രതിക്രിയ അനുഭവിക്കുന്നതിനും പൂൎണ്ണസ്വാതന്ത്ര്യം തരുന്നു. പരമാൎത്ഥത്തിൽ പുനൎജ്ജന്മസിദ്ധാന്തം പറയുന്നതു നാം നമ്മുടെ ആഗ്രഹമനുസരിച്ചും കൎമ്മങ്ങളും വാസനകളുമൻസരിച്ചും നമ്മുടെ പ്രകൃതിയെ രൂപീകരിക്കുന്നുവെന്നാണ്.

സാധാരണമായി മനസ്സിലാക്കിയിരിക്കുന്ന അൎത്ഥത്തിലുള്ള ഉയൎത്തെഴുനേല്പു സിദ്ധാന്തം "ഒരു മനുഷ്യൻ ദുഷ്ടപ്രകൃതിയോടും മറെറാരുവൻ ധൎമ്മപ്രകൃതിയോടുംകൂടി ജനിക്കുന്നതിൻ കാരണമെന്തു്?" എന്ന ചോദ്യത്തിനു സമാധാനം പറയുന്നില്ല." പുറത്തു സവാരിചെയ്യുന്നവൻ ആജ്ഞാപിക്കുന്നതുപോലെ സഞ്ചരിക്കുന്ന ഒരു ഭാരംചുമക്കുന്ന മൃഗം മാത്രമാണു മനുഷ്യൻ. ചിലപ്പോൾ ഈശ്വരൻ അവൻെറ മേൽ സവാരിചെയ്യുന്നു. മററുചിലപ്പോൾ പിശാചു സവാരിചെയ്യുന്നു" എന്നു ലൂതർ പറഞ്ഞതുപോലെ പറഞ്ഞു ഉയിൎത്തെഴുനേൽപ്പുസിദ്ധാന്തം വിരമിക്കുന്നു. എന്നാൽ ഈശ്വരൻ തന്നാൽ സൃഷ്ടിക്കപ്പെട്ട തൻെറ ജീവിയുടെ മേൽ പിശാചുകയറിനടക്കാൻ അനുവദിക്കുന്നതെന്തിനാണെന്നു ആൎക്കും പറയാൻ കഴിയുകയില്ല. ഏതായാലും പിശാചു്, നിർബന്ധിച്ചു ചെയ്യി

ക്കുന്ന കുററങ്ങളുടെ ഫലം മനുഷ്യൻ എന്നേക്കും അനുഭ വിച്ചേകഴിയൂതാനും. അതിനുംപുറമെ ഉയിത്തേഴനേൽ പ്പ സിദ്ധാന്തം, ഓരോ ജീവനും സ്വർഗ്ഗത്തിലോ നരക ത്തിലോ പോകാൻ മുൻകൂട്ടി ഈശ്വരനാൽ തീച്ചപ്പെട ത്തപ്പെട്ടുന്നുവെന്നും പഠിപ്പിക്കുന്നു. ഒരുവൻ ദുഷ്ടനായും മറെറാരുവൻ സദ്വൃത്തനായും ജനിക്കുന്നതെന്തുകൊണ്ട് എന്നതിനു ഉത്തരം പറയാനായി പൂൎവ്വവിധിസിദ്ധാന്ത വും കൃപാസിദ്ധാന്തവും സെയിൻറു അഗസ്തീൻ ആദ്യം പുറപ്പെട്ടുവിച്ചു. ഈ സിദ്ധാന്തപ്രകാരം കരുണാമയനാ യ ഈശ്വരൻ ചിലരെ അവരുടെ ജനനകാലത്തു കൃപ കൊണ്ടു അനുഗ്രഹിക്കുന്നു. അവർ ഈ ലോകത്തു രക്ഷി ക്കപ്പെട്ടുവാൻ തയാറായിവരുന്നു. എന്നാൽ മനുഷ്യവർ ഗ്ഗത്തിൻെറ ഭൂരിപക്ഷം പാപികളായി ജനിക്കയും നിത്യ നരകത്തിലേക്കു വിധിക്കപ്പെട്ടുകയും ചെയ്യുന്നു. വളരെ ചുരുക്കംപേർ മാത്രമേ കൃപലഭിച്ചു രക്ഷിതരാകാൻ അ ഹ്മാരാകുന്നുള്ളു. അതിനും പുറമെ ഈ സിദ്ധാന്തം പ റയുന്നു, 'ഈശ്വരൻ മനുഷ്യനെ ശൂന്യത്തിൽനിന്നു സൃഷ്ടി ക്കുന്നു. അവനോടു ചിലതെല്ലാം ചെയ്യരുതെന്നു തടുക്കു ന്നു; അതേസമയത്തു അദ്ദേഹത്തിൻെറ കല്പനയനുസരി ച്ചു നടക്കാനുള്ള ശക്തി കൊടുക്കുന്നും ഇല്ല' എന്നു്. അവ സാനമായിട്ടു ഈശ്വരൻ മനുഷ്യനെ അവൻെറ ദുർബ്ബ ലതയ്ക്കു നിത്യപീഡകൊടുത്തു ശിക്ഷിക്കുന്നുവെന്നും പ ഠിപ്പിക്കുന്നു. ശരീരവും ആത്മാവും തമ്മിൽ ഒരിക്കലും വേർപ്പെട്ടുത്തുകയില്ല; അവനെ ശരീരത്തിൽനിന്നു ഒരി ക്കലും മോചിപ്പിക്കയില്ല. മോചിപ്പിച്ചാൽ അവൻെറ കഷ്ടതകൾ നീങ്ങിപ്പോകും. അതു ഈശ്വരനു ഇഷ്ടമല്ല! ഈ കഷ്ടതകളും ശിക്ഷകളും എല്ലാം അവൻ ജനിക്കുന്ന

തിന്ന മുമ്പുതന്നെ ഈശ്വരൻ തീർച്ചപ്പെടുത്തിവച്ചു കഴി ഞ്ഞതുമാണു്. ഇങ്ങനെ അഗസ്റ്റീൻസിദ്ധാന്തൻെറ ഈശ്വര കൃപാസിദ്ധാന്തവും വിധിസിദ്ധാന്തവും ചോദ്യത്തിന്ന ശ രിയായ മറുപടിപറയുന്നതിന്നുപകരം മനുഷ്യരുടെ മന സ്സിൽ ഭയവും സംഭ്രമവും ഉണ്ടാക്കുകയാണു ചെയ്യുന്നതു്. എന്നാൽ പുനജ്ജന്മസിദ്ധാന്തം പഠിപ്പിക്കുന്നതു്, താ ഴ്ന്നപടികളിൽനിന്നു ഉയൎന്ന ഉയൎന്ന പടികളിലേക്കു് വ്യ ക്തി പൂൎണ്ണത പ്രാപിക്കുന്നതുവരെ, അനന്തകാലമായി നടക്കുന്ന ക്രമാനുസൃതമായ പുരോഗതിയെയാണു്. ഓ രോ വ്യക്തിയും കൃസ്തുവിനെപ്പോലെയോ ബുദ്ധനെപ്പോ ലെയോ അഥവാ സ്വൎഗ്ഗീയ പിതാവായ ഈശ്വരനെ പ്പോലെയോ പൂൎണ്ണത പ്രാപിച്ചു് ഈ ജന്മത്തോ ജന്മാന്ത രത്തിലൊ ദിവ്യത്വം പ്രകാശിപ്പിക്കുമെന്നാണു അതി ൻെറ ഉപദേശം. ഒരുവൻെറ ശക്തികളെല്ലാം പൂൎണ്ണമാ യി വികസിപ്പിക്കുന്നതിന്ന ഒരു ജീവിതം വളരെ ചുരു ങ്ങിയ കാലമാണു്. ഒരു മറയനെ ഒരു വലിയ ചിത്രകാ രനോ തത്വശാസ്ത്രപണ്ഡിതനോ ആക്കുന്നതിനുവേ ണ്ട പരിശീലനം കൊടുക്കാൻ ശ്രമിച്ചാൽ അവൻെറ അ ആയുഷ്കാലത്തിനകത്തു നിങ്ങൾക്കു് ആ കായ്യം നിവ്വഹിക്കാൻ സാധിക്കുമോ? ഒരിക്കലും ഇല്ല. അവൻ അങ്ങനെ ആയിത്തീരുന്നില്ലെന്നു കരുതി നി ങ്ങൾ അവനെ ശിക്ഷിക്കുമോ? സ്വല്പമെങ്കിലും ബുദ്ധിയു ള്ളവൻ അങ്ങനെ വിവേകം കൂടാതെ പ്രവൎത്തിയ്ക്കുമോ? അതുപോലെ ഒരു മനുഷ്യന്നു് ഒരു ജീവിതകാലംകൊണ്ടു പൂൎണ്ണനും പരമയോഗ്യനും ആയിത്തീരാൻ കഴിയുകയി ല്ലെങ്കിൽ അതിന്നു ഈശ്വരൻ ശിക്ഷിക്കുമെന്നു പറ ഞ്ഞാൽ അതിനെപ്പററി നിങ്ങൾ എന്തുവിചാരിക്കുന്നു?

ഈശ്വരൻ നമുക്കു നല്ലതും ചീത്തയും തെരഞ്ഞെടുക്കാനുള്ള സ്വതന്ത്രചിന്താശക്തി തന്നിട്ടുണ്ട്. നാം തെരഞ്ഞെടുക്കുന്നതിനു നാം ഉത്തരവാദികളാണ്, തെററായു തെരഞ്ഞെടുത്താൽ നാം ശിക്ഷിക്കപ്പെടണം" എന്നു പറയുന്നതു യുക്തിയുക്തമല്ല. ഈ സമാധാനംകൊണ്ടുവരുന്നവർ തൻെറ സൃഷ്ടികളെ ദുഷിപ്പിക്കാനായിട്ട് ഈശ്വരൻതന്നെ അതിശക്തനായ പിശാചിനെ അഴിച്ചുവിട്ടിരിക്കുന്നുവെന്ന കാര്യം മറന്നുപോകുന്നു.

ഇതു കേൾക്കുമ്പോൾ എനിക്ക് ഒരു പഴയ കഥയാണു ഓർമ്മയിൽ വരുന്നതു്. ഒരിടത്തു ഒരു ജയിലിൽ ഒരു തടവുകാരൻ കിടപ്പുണ്ടായിരുന്നു. ഒരു സ്വേച്ഛാധികാരിയായ രാജാവിൻെറ സഹായത്താൽ അയാൾക്കു മോചനം ലഭിച്ചു. മോചിപ്പിക്കുമ്പോൾ രാജാവു തടവുകാരനോടു പറഞ്ഞു. "ദുഷ്ടാ! നോക്ക് ഞാൻ നിനക്കു സ്വാതന്ത്ര്യംതരുന്നു. നിനക്ക് ഇഷ്ടമുള്ളിടത്തു പോകാം. വിരോധമില്ല. പക്ഷെ ഒരു കാര്യം ഓർത്തുകൊള്ളണം. പോകുമ്പോൾ ഏതെങ്കിലും കാട്ടുജന്തു നിന്നെ എതിർത്തുവെന്നുവന്നാൽ നിന്നെ പിടിച്ചു ഏകാന്തത്തടവിൽ അടയ്ക്കും. പിന്നെ നീ എന്നും അവിടെകിടന്നു കഷ്ടപ്പെടേണ്ടിവരും" എന്ന്. ഇങ്ങനെ പറഞ്ഞു അവനെ സ്വതന്ത്രനാക്കി. അതോടുകൂടിതന്നെ അവനെ പിടിക്കാൻ കൂട്ടിൽനിന്നു വളരെ വിശന്നുകിടക്കുന്ന ഒരു ചെന്നായയേയും കൂടെ വിടാൻ ഭൃത്യന്മാരോട് ആജ്ഞാപിച്ചു. തടവുകാരൻെറ ഭാവി എന്തായിഎന്നു നിങ്ങൾക്കു അറിയാമല്ലോ. ഇതു് ഒരു പ്രേമപൂർവ്വകകർമ്മമെന്നു പറയാമോ?

പുനർജ്ജന്മസിദ്ധാന്തം പറയുന്നു. "ഓരോ ജീവാത്മാവിലും അനന്തശക്തി അന്തർല്ലീനമായിക്കിടക്കുന്നു;

ആ ശക്തികളെ ജീവൻ ക്രമേണ വികസിപ്പിച്ച് ഉൽക്രാന്തി ക്രമംകൊണ്ട് അനുഭവഗോചരമാക്കിത്തീർക്കുന്നു. ആ ക്രമത്തിൻെറ ഓരോ പടിയിലും ജീവനു പലതരം അനുഭവങ്ങൾ ഉണ്ടാകുന്നു; ഇവയെല്ലാം കുറച്ചുസമയംമാത്രം നിൽക്കുന്നു" എന്ന്. അതുകൊണ്ടു നമ്മുടെ സൽക്കർമ്മങ്ങൾക്കോ ദുഷ്കർമ്മങ്ങൾക്കോ പിശാചോ ഈശ്വരനോ ഉത്തരവാദിയല്ല. നന്മയും തിന്മയും സമുദ്രത്തിലെ ഒരു തിരയുടെ മുകൾഭാഗവും താണഭാഗവും അഥവാ മുടിയും പാത്തിയുംപോലെയാണ്. സമുദ്രത്തിൽ എവിടെയെങ്കിലും ഒരു പാത്തി ഉണ്ടാക്കാതെ ഒരു തിരയ്ക്കു ഉയരാൻ കഴിയുകയില്ല. അതുപോലെ സദാപ്രസ്തുവാകുന്ന അനന്തസാഗരത്തിൽ അസംഖ്യം തിരകൾ ഇടവിടാതെ പൊങ്ങിക്കൊണ്ടിരിക്കുന്നു. ഓരോ തിരയുടെയും മുകൾഭാഗത്തിനു നന്മയെന്നു പറയുന്നു. അതിനോടു ചേർന്നുള്ള പാത്തി തിന്മ അല്ലെങ്കിൽ ദുഃഖം. ഓരോ ജീവിയുടേയും ജീവിതപ്രവാഹം പൂർണ്ണതയെന്നു നാം വിളിക്കുന്ന പരമലക്ഷ്യത്തിലേക്കു നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്നു. ലക്ഷ്യത്തിൽ ചെന്നെത്താൻ എത്രകാലം വേണമെന്നു ആർക്കു പറയാൻ കഴിയും? ഈ ജീവിതത്തിൽതന്നെ പൂർണ്ണത പ്രാപിക്കാൻ ആൎക്കു കഴിയുമോ അവൻ വീണ്ടും ജനിക്കാൻ നിർബദ്ധനല്ല. അതു സാധിച്ചില്ലെങ്കിൽ വേറൊരു ശരീരമെടുത്തു മുന്നോട്ടു പോകും. അനേകജനങ്ങൾ വിചാരിക്കുന്നതുപോലെ, 'അടുത്തജന്മത്തു വീണ്ടും അടിയിൽനിന്നു തുടങ്ങും' എന്നല്ല പുനർജ്ജന്മസിദ്ധാന്തം പഠിപ്പിക്കുന്നതു്. മരണത്തിനുമുമ്പ് ഒരാൾ എവിടെ എത്തിയിരിക്കുന്നുവോ ആ ഭാഗത്തുനിന്നു വീണ്ടും യാത്ര തുടങ്ങി പുരോഗതി നിർവ്വിഘ്നം തുടൎന്നുകൊണ്ടിരിക്കും.

നാം മരണശേഷം മൃഗശരീരമെടുക്കുമെന്നും പുനജ്ജന്മം പഠിപ്പിക്കുന്നില്ല. നാം ശരീരമെടുക്കുന്നതു നമ്മുടെ ആഗ്രഹവും വാസനയും ശക്തിയും അനുസരിച്ചാണെന്നത്രേ പുനർജ്ജന്മസിദ്ധാന്തം പഠിപ്പിക്കുന്നത്. ഈ ലോകത്തോ, മററുലോകത്തോ തിരിച്ചുവന്ന് ഏതെങ്കിലും പ്രത്യേകതരം ഭോഗം അനുഭവിക്കണമെന്ന ആഗ്രഹമില്ലാതിരിക്കയും, സ്വാൎത്ഥതയിൽനിന്നു നിശ്ശേഷം മുക്തനായിരിക്കയും ചെയ്യുന്നവനു മടങ്ങിവരേണ്ടതേയില്ല. പുനജ്ജന്മസിദ്ധാന്തം യുക്തിശാസ്ത്രസമ്മതവും തൃപ്തികരവും ആണ്. ഉയിൎത്തെഴുന്നേൽപ്പുസിദ്ധാന്തം വിജ്ഞാനതത്വങ്ങളെ അടിസ്ഥാനപ്പെടുത്തുന്നതോ; ജനനമരണങ്ങളുടെ ഹേതുക്കളെ യുക്തിയുക്തം വ്യാഖ്യാനിക്കാൻ പൎയ്യാപ്തമോ അല്ല. പുനർജ്ജന്മം ജീവിതത്തിലെ എല്ലാപ്രശ്നങ്ങൾക്കും സമാധാനം കൊടുക്കുന്നതും, മനുഷ്യന്റെ മനസ്സിൽ ഉണ്ടാകുന്ന എല്ലാചോദ്യങ്ങൾക്കും സംശയങ്ങൾക്കും വിജ്ഞാനസമ്മതമായ ഉത്തരം നൽകുന്നതും ആണ്.

"പുനജ്ജന്മതത്വം ധനകീൎത്ത്യാദിമോഹങ്ങളാൽ വഞ്ചിതനായ ആലോചനയില്ലാത്തബാലനു എളുപ്പത്തിൽ മനസ്സിലാകുന്നതല്ല. മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നുവെന്നു അവൻ വിചാരിക്കുന്നു. അങ്ങനെ അവൻ പിന്നെയും പിന്നെയും മൃത്യുവിനെ പ്രാപിക്കുന്നു."

ന സാമ്പരായഃ പ്രതിഭാതി ബാലം
പ്രമാദ്യന്തം വിത്തമോഹേന മൂഢം
അയം ലോകോ നാസ്തി പര ഇതി മാനീ
പുനഃ പുനർവശമാപദ്യതേ മേ. കഠം-2-6.

## അദ്വൈതാശ്രമപ്രസിദ്ധീകരണങ്ങൾ.

| | | ക. | ണ. | പ. |
|---|---|---|---|---|
| 1. | ഞാൻ ഹിന്ദുവായതെന്തിന്? | 0 | 2 | 0 |
| 2. | ദൃഗ്ദൃശ്യവിവേകം | 0 | 3 | 0 |
| 3. | ഹിന്ദുമതം ശക്തിപരീക്ഷയിൽ | 0 | 5 | 0 |
| 4. | വേദന്തമതം (പ്രസ്സിൽ) | 0 | 8 | 0 |
| 5. | ശ്രീശങ്കരൻ (പ്രസ്സിൽ) | 0 | 5 | 0 |
| 6. | വിവേകാനന്ദസ്വാമികളുടെ പ്രസംഗങ്ങൾ പ്രസ്സിൽ | 0 | 6 | 0 |
| 7. | ടി (രണ്ടാംഭാഗം) | 0 | 5 | 0 |
| 8. | ശ്രീശ്രീരാമകൃഷ്ണദേവൻ | 0 | 5 | 0 |
| 9. | ശ്രീവിവേകാനന്ദസ്വാമികൾ | 0 | 5 | 0 |
| 10. | വിവേകചൂഡാമണി (ശ്രീശങ്കരവിരചിതം സവ്യാഖ്യാനം) | 2 | 0 | 0 |
| 11. | ശ്രീകൃഷ്ണൻ | 0 | 3 | 0 |
| 12. | ഗുരു | 0 | 3 | 0 |
| 13. | ആദ്ധ്യാത്മികസൂക്തികൾ | 2 | 8 | 0 |
| 14. | ആരാധന | 0 | 1 | 0 |
| 15. | അദ്വൈതാശ്രമം സ്തോത്രാവലി | 0 | 4 | 0 |
| 16. | ഹിന്ദുമതമാഹാത്മ്യം | 0 | 1 | 0 |
| 17. | ശ്രീരാമനാമകീർത്തനം | 0 | 1 | 3 |
| 18. | അദ്ധ്യക്ഷപ്രസംഗം | 0 | 2 | 0 |
| 19. | അനാഡംബരജീവിതം | 0 | 2 | 0 |
| 20. | ശ്രീരാമകൃഷ്ണസന്ദേശം | 0 | 2 | 0 |
| 21. | ശ്രീശങ്കരാചാര്യർ-ജീവിതവും തത്വചിന്തയും | 2 | 0 | 0 |

അപേക്ഷിക്കേണ്ടും മേൽവിലാസം,
മാനേജർ, അദ്വൈതാശ്രമം,
കാലടി, (A. O. & P. O.)
തിരുവിതാംകൂർ.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M 200 *Acc. No.* 13846

This book should be returned on or before the date last stamped below.

-6 FEB 1986
2 SEP 1988
-6 NOV 1988
6 JAN 1990
1 - FEB 2008
28 JAN 2017
9 MAR 2017

M200 13846

അഭേദാനന്ദസ്വാമികൾ

[illegible]

[illegible]

... LIBRARY

Call No. M.[illegible] Acc. No. 13846

Author [illegible] സ്വാമികൾ

Title [illegible]